# റിപ്പബ്ലിക് ഓഫ് തുർക്കി പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

സെപ്റ്റംബർ 10, 2023

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 സെപ്തംബർ 10 ന് ന്യൂഡൽഹിയിൽ നടക്കുന്ന ജി 20 ഉച്ചകോടിയുടെ ഭാഗമായി റിപ്പബ്ലിക് ഓഫ് തുർക്കി പ്രസിഡന്റ് റെസെപ് തയ്യിപ് എർദോഗനുമായി ഉഭയകക്ഷി കൂടിക്കാഴ്ച നടത്തി.

2. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, സിവിൽ ഏവിയേഷൻ, ഷിപ്പിംഗ് തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണ സാധ്യതകളെക്കുറിച്ചുള്ള ചർച്ചകൾ നടന്നു.

3. ഇന്ത്യയുടെ ജി20 പ്രസിഡൻസിയിൽ പ്രസിഡന്റ് എർദോഗൻ പ്രധാനമന്ത്രിയെ അഭിനന്ദിച്ചു. 2023 ഫെബ്രുവരിയിൽ തുർക്കിയിൽ ഉണ്ടായ ഭൂകമ്പത്തെത്തുടർന്ന് ഓപ്പറേഷൻ ദോസ്തിന്റെ കീഴിലുള്ള അടിയന്തര സഹായത്തിന് അദ്ദേഹം ഇന്ത്യയോട് നന്ദി പറഞ്ഞു.

4. ചന്ദ്രയാൻ മിഷന്റെ വിജയത്തിൽ പ്രസിഡന്റ് എർദോഗൻ പ്രധാനമന്ത്രിയെ അഭിനന്ദിക്കുകയും സൂര്യനിലേക്കുള്ള ആദിത്യ ദൗത്യത്തിന് ആശംസകൾ അറിയിക്കുകയും ചെയ്തു.

**ന്യൂഡൽഹി**
**സെപ്റ്റംബർ 10, 2023**